## കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം

(ഹാജർ : എ.എം. സുനിൽകുമാർ)

വിഷയം: കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം- സീനിയർ ക്ലാർക്കുമാരായ ശ്രീ.ആർ.ഗിരീഷ്കുമാർ, ശ്രീ.ഡി. രഞ്ജിത് എന്നിവരെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

പരാമർശം : ജൂനിയർ സൂപ്രണ്ട് ശ്രീമതി ദേവീകൃഷ്ണ, സീനിയർ ക്ലാർക്ക് ശ്രീ. ആർ.സതീഷ്കുമാർ, ഓഫീസ് അറ്റൻഡന്റ് ശ്രീ.കെ.വി.സുനിൽ കുമാർ എന്നിവരുടെ 5.7.2017ലെ പരാതി.

**ഉത്തരവ് നമ്പർ: SA(1) 30181/17 , തീയതി 5-7-17**

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ.ആർ. ഗിരീഷ്കുമാർ, ശ്രീ.ഡി. രഞ്ജിത്, സ്റ്റാറ്റിക്കൽ അസിസ്റ്റന്റ് ശ്രീ. മനോജ് എന്നിവർ 5-7-2017-ാം തീയതി ടി കാര്യാലയത്തിൽ ജൂനിയർ സൂപ്രണ്ടായ (സ്പെഷ്യൽ ഡ്യൂട്ടിയിൽ) ശ്രീമതി ദേവീകൃഷ്ണയെ അസഭ്യം പറയുകയും ടിയാളോട് അപമര്യാദയായി പെരുമാറുകയും സഹപ്രവർത്തകരായ ശ്രീ.ആർ. സതീഷ്കുമാർ, സീനിയർ ക്ലാർക്ക്, ശ്രീ. കെ.വി. സുനിൽകുമാർ, ഓഫീസ് അറ്റൻഡന്റ് എന്നിവരെ ശാരീരികമായി ഉപദ്രവിക്കുകയും ചെയ്തതായി പരാമർശപ്രകാരം പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്തിയതിൽ പരാതിയിൽ കഴമ്പുള്ളതായി കാണുന്നു. ടിയാളുകളുടെ ഇത്തരം പ്രവർത്തനങ്ങൾ 1960 ലെ സർക്കാർ ജീവനക്കാരുടെ സ്വഭാവ ചട്ടങ്ങളുടെ ഗുരുതര ലംഘനമാണ്. കൂടാതെ ടിയാളുകളുടെ മേൽ പ്രവർത്തികൾ സ്ത്രീജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നവയുമാണ്.

മേൽ സാഹചര്യത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ. ആർ. ഗിരീഷ്കുമാർ, ശ്രീ.ഡി. രഞ്ജിത് എന്നിവരെ അന്വേഷണ വിധേയമായി അടിയന്തിരമായി സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ടിയാളുകൾക്ക് ചട്ടം 55, ഭാഗം 1, കെ.എസ്.ആർ. പ്രകാരം ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ശ്രീ. മനോജിനെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ടിയാനെതിരെയുള്ള തുടർ നടപടികൾ മാതൃവകുപ്പുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ
5/7/17

ശ്രീ. ആർ. ഗിരീഷ്കുമാർ
സീനിയർ ക്ലാർക്ക്
കാർഷിക വികസന കർഷകക്ഷേമ
വകുപ്പ് ഡയറക്ടറേറ്റ്

ശ്രീ.ഡി. രഞ്ജിത്
സീനിയർ ക്ലാർക്ക്
കാർഷിക വികസന കർഷകക്ഷേമ
വകുപ്പ് ഡയറക്ടറേറ്റ്

ശ്രീ. മനോജ്
സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്
കാർഷിക വികസന കർഷക
ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്

**പകർപ്പ്:**

1) ഡയറക്ടറുടെ സി.എ.യ്ക്ക്
2) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എയ്ക്ക്.
3) എസ്.എ.(3) സീറ്റ്. / DDA, IT cell (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) ഒ & എം / അക്കൗണ്ട്സ് വിഭാഗം.
5) ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പ്
5) സംഭരണ ഫയൽ/അധികം.

5/7/17